**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3130 - 24/02/2016 ലെ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. മോയിൻകുട്ടി | ശ്രീ. ഉമ്മൻചാണ്ടി ബഹു.മുഖ്യമന്ത്രി |

**3130 സൂപ്പർവൈസറി തസ്തികകളുടെ സ്റ്റാന്റർഡൈസേഷൻ**

| **ചോദ്യം** | **മറുപടി** |
|---|---|
| (എ) 16.09.1985-ലെ ജി.ഒ.(പി)515/85/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ക്ലാർക്ക് തസ്തികകൾക്ക് ആനുപാതികമായി ഏതെല്ലാം വകുപ്പുകളിൽ സൂപ്പർവൈസറി തസ്തികകൾ സ്റ്റാന്റർഡൈസേഷൻ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) 16.09.1985-ലെ ജി.ഒ.(പി)515/85/ധന നമ്പർ സർക്കാർ ഉത്തരവിലെ സൂപ്പർവൈസറി തസ്തികകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ശമ്പളപരിഷ്കരണം ബാധകമായ എല്ലാ വകുപ്പുകൾക്കും ബാധകമായിരുന്നു. ഈ മാനദണ്ഡങ്ങൾ ഏതെല്ലാം വകുപ്പുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്നുള്ള വിവരം വകുപ്പ മേധാവികളിൽ നിന്നും ശേഖരിച്ച വരുന്നു. |
| (ബി) ഇതുമൂലമുള്ള സാമ്പത്തിക ബാദ്ധ്യത ജീവനക്കാരന് രണ്ട് ഇൻക്രിമെന്റ് എന്നതിൽ അധികം ഉണ്ടാകുമോ എന്ന് വ്യക്തമാക്കുമോ; | (ബി) താഴ്ന്ന തസ്തികയിൽ നിന്നും സൂപ്പർവൈസറി തസ്തികയിലേക്ക് സമയബന്ധിത ഹയർ ഗ്രേഡ് ലഭിക്കാതെ നേരിട്ട് ഉദ്യോഗക്കയറ്റം ലഭിക്കുന്നവരുടെ ശമ്പളം കെ.എസ്.ആർ ഭാഗം I ചട്ടം 28 എ പ്രകാരം നിർണ്ണയിക്കുമ്പോൾ ഏറ്റവും കുറഞ്ഞത് രണ്ട് ഇൻക്രിമെന്റുകളുടെയും താഴ്ന്ന തസ്തികയിൽ ലഭിച്ചിരുന്ന ശമ്പളം വളരെ താഴ്ന്നതാണെങ്കിൽ രണ്ടിൽ കൂടുതൽ ഇൻക്രിമെന്റുകളുടെയും ബാധ്യതയുമുണ്ടാകാവുന്നതാണ്. |
| (സി) സ്റ്റാന്റർഡൈസേഷൻ നടപ്പാക്കുന്നതു കൊണ്ട് ബന്ധപ്പെട്ട വകുപ്പിന്റെ കാര്യക്ഷമത വർദ്ധിക്കുമെന്ന് കരുതുന്നുണ്ടോ; | സി) ഉണ്ട് |
| (ഡി) പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടുള്ള മാനദണ്ഡം എല്ലാ വകുപ്പുകളിലും ബാധകമാണോ എന്ന് വ്യക്തമാക്കുമോ? | (ഡി) 16.09.1985-ലെ ജി.ഒ.(പി)നമ്പർ 515/85/ധന ഉത്തരവ് ബാധകമായ എല്ലാ വകുപ്പുകൾക്കും ബാധകമാണ്. |

സെക്ഷൻ ഓഫീസർ